**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2264** — **01-09-2022 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീക്ക് പ്ലാൻഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷം കുടുംബശ്രീക്ക് പ്ലാൻഫണ്ട് ഇനത്തിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; | (എ) | **2021-22 സാമ്പത്തിക വർഷം കുടുംബശ്രീയ്ക്ക് പ്ലാൻ ഫണ്ട് ഇനത്തിൽ 200 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.** |
| (ബി) | പ്രത്യേക ജീവനോപാധിയായി അനുവദിച്ച തുക എത്രയെന്നും പ്ലാൻ ഫണ്ട് ഇനത്തിൽ ചെലവഴിച്ച തുക എത്രയെന്നും അറിയിക്കാമോ; | (ബി) | **പ്രത്യേക ജീവനോപാധി പാക്കേജിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 40 കോടിയാണ് കുടുംബശ്രീയ്ക്ക് അനുവദിച്ചിട്ടുണ്ടായിരുന്നത്. ആയതിൽ 39.54 കോടി ചെലവായിട്ടുണ്ട്. പ്ലാൻ ഫണ്ടിനത്തിൽ അനുവദിച്ചിട്ടുണ്ടായിരുന്ന 200 കോടി രൂപയിൽ 198.88 കോടി രൂപയും ചെലവായിട്ടുണ്ട്.** |
| (സി) | പ്രത്യേക ജീവനോപാധി പാക്കേജ് ഇനത്തിൽ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | **പ്രത്യേക ജീവനോപാധി പാക്കേജിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 40 കോടിയാണ് കുടുംബശ്രീയ്ക്ക് അനുവദിച്ചിട്ടുണ്ടായിരുന്നത്. ആയതിൽ 39.54 കോടി ചെലവായിട്ടുണ്ട്. പ്ലാൻ ഫണ്ടിനത്തിൽ അനുവദിച്ചിട്ടുണ്ടായിരുന്ന 200 കോടി രൂപയിൽ 198.88 കോടി രൂപയും ചെലവായിട്ടുണ്ട്.** |
| (ഡി) | കുടുംബശ്രീ സി.ഡി.എസ്. മെമ്പർമാർക്ക് യാത്രാബത്ത അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക വ്യക്തമാക്കുമോ? | (ഡി) | **സിഡിഎസ് മെമ്പർമാർക്ക് പ്രതിമാസം 500 രൂപ യാത്രാബത്ത നൽകാനുള്ള 2021 ബജറ്റ് പ്രസംഗത്തിലെ ശുപാർശയിന്മേൽ നടപടി പുരോഗമിച്ചു വരികയാണ്.** |

സെക്ഷൻ ഓഫീസർ